ST. THOMAS HSS
NADAVAYAL

# ACADEMIC MASTER PLAN



## 2025 - 2026



04936211350
sthsndl@gmail.com
11.738466,76.117498

# പേജുകൾ മറിക്കുമ്പോൾ


| | |
|---|---|
| സ്കൂൾ വിവരങ്ങൾ | 3 |
| ആമുഖം | 4 |
| സ്കൂൾ ചരിത്രം | 5 |
| ഒറ്റ നോട്ടത്തിൽ | 7 |
| അക്കാദമികം – നേട്ടങ്ങൾ | 8 |
| അക്കാദമികം – വെല്ലുവിളികൾ | 8 |
| ഭൗതിക സൗകര്യങ്ങൾ | 10 |
| ഭൗതിക സൗകര്യങ്ങൾ – പരിമിതികൾ | 11 |
| സാമൂഹികം – നേട്ടങ്ങൾ | 11 |
| സാമൂഹികം – പരിമിതികൾ | 11 |
| ശ്രദ്ധ ചെലുത്തേണ്ട മേഖലകൾ | 12 |
| വാർഷിക പദ്ധതി 2024-25 | |
| ഭാഷാശേഷി വികസനം – ഇംഗ്ലീഷ് | 14 |
| ഭാഷാശേഷി വികസനം – മലയാളം | 15 |
| ഭാഷാശേഷി വികസനം – ഹിന്ദി | 16 |
| സയൻസ് വിഷയങ്ങളുടെ പരിപോഷണം | 17 |
| സാമൂഹ്യശാസ്ത്ര പരിപോഷണം | 18 |
| ഗണിതശാസ്ത്ര മികവ് വർദ്ധിപ്പിക്കൽ | 19 |
| ഐ സി ടി മേഖലയിൽ മികവ് വർദ്ധിപ്പിക്കൽ | 20 |
| സംസ്കൃത ഭാഷാ മികവു വർദ്ധിപ്പിക്കൽ | 21 |
| ഉറുദു ഭാഷാ മികവു വർദ്ധിപ്പിക്കൽ | 22 |
| കലാകായിക പ്രവൃത്തിപരിചയ മേഖല | 23 |
| ഉപസംഹാരം | 24 |

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| 1. റവന്യൂ ജില്ല | : | വയനാട് |
| 2. സ്കൂൾ കോഡ് | : | 15014 |
| 3. സ്കൂളിൻറെ പേര് | : | സെൻ്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ, നടവയൽ |
| 4. മേൽവിലാസം | : | നടവയൽ പി ഒ, വയനാട് |
| 5. പിൻ കോഡ് | : | 670721 |
| 6. ഫോൺ നമ്പർ | : | 04936211350 |
| 7. ഇ-മെയിൽ അഡ്രസ് | : | sthsndl@gmail.com |
| 8. ഗ്രാമ പഞ്ചായ ത്ത് | : | കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത് |
| 9. വിദ്യാഭ്യാസ ജില്ല | : | വയനാട് |
| 10.സബ്ജില്ല | : | വൈത്തിരി |
| 11. ക്ലാസുകൾ | : | 5 മുതൽ 10 വരെ |
| 12. മാനേജ്മെൻറ് | : | എയ്ഡഡ് |
| 13. പഠനമാധ്യമം | : | മലയാളം & ഇംഗ്ലീഷ് |



# ആമുഖം

മലയോര ജില്ലയായ വയനാടിന്റെ ചരിത്രത്തിൽ സുപ്രധാനമായ സ്ഥാനം വഹിക്കുന്ന നടവയൽ എന്ന സ്ഥലത്താണ് സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ സ്ഥിതി ചെയ്യുന്നത്. സംസ്കാര സമ്പന്നതയുടെ അഴകാലങ്കാരങ്ങളിലേക്ക് നടവയൽദേശം നയിക്കപ്പെട്ടപ്പോൾ ഊർജ കേന്ദ്രമായി മാറിയത് സെന്റ് തോമസ് വിദ്യാലയമാണ്.

പാഠ്യ പാഠ്യേതര രംഗത്ത് ജില്ലാതലത്തിൽ തന്നെ മാതൃകയായി നിലകൊള്ളുന്ന സ്കൂളാണിത്. പിന്നോക്കവിഭാഗത്തിൽപ്പെട്ടതും സാധാരണക്കാരുമായ ജനങ്ങൾ അധിവസിക്കുന്ന ഈ ഗ്രാമപ്രദേശത്തുനിന്നും ഏറ്റവും കൂടുതൽ കുട്ടികളെ പരീക്ഷയ്ക്കിരുത്തി എസ്. എസ്. എൽ. സി യിൽ വർഷങ്ങളായി ഉന്നത വിജയം നേടുന്നു. ദേശീയ സംസ്ഥാന തലങ്ങളിൽ വിവിധ സ്കോളർഷിപ്പ് മത്സരപരീക്ഷകളിൽ കുട്ടികൾക്ക് പരിശീലനം നൽകി മികവാർന്ന വിജയം നേടാൻ സ്കൂളിന് കഴിയുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസമെന്നാൽ വിദ്യാർത്ഥിയുടെ സർവ്വതോന്മുഖമായ വളർച്ചയാണ് ലക്ഷ്യം വയ്ക്കുന്നത് എന്ന ഉത്തമ ബോദ്ധ്യത്തിലാണ് ഈ വിദ്യാലയത്തിലെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നത്. പാഠ്യവിഷയങ്ങളിൽ നൽകുന്ന ക്ലാസ്സ്മുറി പരിശീലനങ്ങൾക്കു പുറമെ വിദ്യാർത്ഥികളുടെ വിഭിന്നങ്ങളായ കഴിവുകൾ കണ്ടെത്തി പരിശീലിപ്പിക്കുന്നതിന് അതീവശ്രദ്ധ നൽകി വരുന്നു. ശാസ്ത്ര - ഗണിതശാസ്ത്ര മേളകളിൽ തുടർച്ചയായി ജില്ലയിൽ ഒന്നാം സ്ഥാനം നിലനിർത്തുന്നതിന് സാധിക്കുന്നു എന്നത് ചെറിയൊരു കാര്യമല്ല. എൻ. സി. സി, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, ജെ. ആർ. സി, ലിറ്റിൽ കൈറ്റ്സ് തുടങ്ങി ഈ വിദ്യാലയത്തിൽ ലഭ്യമാകുന്ന അവസരങ്ങൽ അനവധിയാണ്.

അക്കാദമികരംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ പരിഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാലയസംരക്ഷണയജ്ഞത്തിൻറെ ഭാഗമായി അക്കാദമികരംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് മാനേജ്മെന്റിന്റെ സന്നദ്ധതയും പി.ടി.എ.യുടെ സഹകരണവും പൂർവ്വവിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, തദ്ദേശ്ശഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു എന്നത് എടുത്തു പറയേണ്ടതാണ്.

ഓരോ പ്രഭാതത്തിലും കുഞ്ഞുങ്ങൾ സന്തോഷത്തോടെ ഓടിയെത്താൻ കൊതിക്കുന്ന ഒരിടമായി ഈ വിദ്യാലയത്തെ മാറ്റി എടുക്കാൻ കഴിഞ്ഞ കുറെ വർഷങ്ങളായുള്ള പ്രവർത്തനങ്ങളിലൂടെ സാധിച്ചിട്ടുണ്ട്. മികച്ചതിൽ നിന്നും കൂടുതൽ മികച്ചത് ലക്ഷ്യം വച്ചുകൊണ്ട് മികവിന്റെ ഒരു കേന്ദ്രമായി ഈ വിദ്യാലയത്തെ മാറ്റുന്നതിനുള്ള കർമ്മപദ്ധതികൾ ഉൾക്കൊള്ളുന്ന ഒരു രേഖയായി ഈ അക്കാദമിക് മാസ്റ്റർപ്ലാൻ മാറും എന്ന് പ്രതീക്ഷിക്കാം.

# സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ നടവയൽ
# ലഘു ചരിത്രം

നടവയലിലേയ്ക്ക് തിരുവിതാംകൂറിൽ നിന്ന് കുടിയേറ്റം ആരംഭിച്ചത് 1948 മുതലാണ്. വിദ്യാലയം നാടിന്റെ പുരോഗതിയുടെ അനിവാര്യതയാണെന്ന് കണ്ടെത്തിയവർ റവ. ഫാ.നമ്പ്യത്തിന്റെ നേതൃത്വത്തിൽ ഒന്നുചേർന്നു. അന്നത്തെ മലബാർ ജില്ലയുടെ ചട്ടമനുസരിച്ച് അപേക്ഷ നൽകി. അതിന്റെ ഫലമായി 1950 ജൂലൈ 10 ന് സെന്റ്.തോമസ് ആർ. സി സ്കൂൾ സ്ഥാപിക്കപ്പെട്ടു. ഒന്നും രണ്ടും ക്ലാസുകൾ തുടങ്ങി. കണിയാമ്പറ്റക്കാരൻ റിട്ടയേഡ് അധ്യാപകൻ ശ്രീ വെങ്കിട്ടരാമയ്യർ (പട്ടര് സർ) അധ്യാപനത്തിന്റെ ചുമതലയേറ്റു.

അതേവർഷം ഒക്ടോബറിൽ മലബാർ ജില്ലയിലെ വിദ്യാഭ്യാസ ഉപമേധാവി നടവയലിലെ ഏക അധ്യാപക വിദ്യാലയം സന്ദർശിക്കുകയും ലോവർ എലിമെന്ററി സ്കൂളിന് അംഗീകാരം നൽകുകയും ചെയ്തു. 1951 ജനുവരിയിൽ മൂന്നാം ക്ലാസും ആരംഭിച്ചു .പ്രത്യേക അനുവാദം വാങ്ങി ഇടക്കാല പരീക്ഷ നടത്തിയാണ് ഇത് സാധിച്ചത്. പഠിപ്പ് മുടങ്ങിയ പല പ്രായപരിധിയിലുള്ള കുട്ടികൾക്ക് ഇത് അനുഗ്രഹമായി. അടുത്ത ജൂണിൽ നാലാംക്ലാസും ആരംഭിച്ചു. 1952 ൽ അഞ്ചാം ക്ലാസും തുടങ്ങിയതോടെ അന്നത്തെ ലോവർ എലിമെന്ററി പൂർത്തിയായി. 1953 ജൂലൈ ഒന്നാം തീയതി ശ്രീ കെ .ജെ അഗസ്റ്റിൻ കരീക്കുന്നേൽ എച് എം ആയി നിയമിക്കപ്പെട്ടു. ഒരു കൊല്ലത്തെ ഇടവേളക്കുശേഷം 1954 ഹയർ എലിമെന്ററി (ആറാം ക്ലാസ് തുടങ്ങി എട്ടാം ക്ലാസ് വരെ) ആരംഭിച്ചു. 1956 – (ESLC) എലിമെന്ററി സ്കൂൾ ലീവിങ് സർട്ടിഫിക്കറ്റ് കഴിഞ്ഞതോടെ തങ്ങളുടെ മക്കളെ ഉന്നതവിദ്യാഭ്യാസത്തിനായി എവിടെ അയയ്ക്കും എന്ന ചിന്തയിലായി കുടിയേറ്റക്കാർ. സമീപപ്രദേശങ്ങളിൽ ഒന്നും തന്നെ ഹൈസ്കൂൾ ഇല്ല. ആകെയുള്ളത് കൽപ്പറ്റയിലും മാനന്തവാടിയിലും ബത്തേരിയിലുമാണ്.

അന്നത്തെ സ്കൂൾ മാനേജരും വികാരിയുമായിരുന്ന റവ.ഫാദർ ടിഷ്യാന്റെ നേതൃത്വത്തിൽ ഹൈസ്കൂൾ തുടങ്ങുന്നതിന് കഠിനശ്രമം ആരംഭിച്ചു. ഒടുവിൽ നടവയലിന് ഹൈസ്കൂൾ അനുവദിച്ചു കിട്ടി. കുടിയേറ്റജനതയുടെ നിശ്ചയദാർഢ്യത്തിന്റെയും കഠിനാധ്വാനത്തിന്റെയും അർപ്പണമനോഭാവത്തിന്റെയും തെളിവാണ് സെൻറ് തോമസ് ഹൈസ്കൂൾ. ഈ വിദ്യാലയത്തിന് പ്രഥമ ഹെഡ്മാസ്റ്ററായി ശ്രീ.കെ.ജോർജ് ജോസഫ് ചുമതല ഏറ്റു. സമീപപ്രദേശങ്ങളിൽ ഹൈസ്കൂൾ ഇല്ലാത്തതിനാൽ കോളേരി, കേണിച്ചിറ, പുൽപ്പള്ളി, മുള്ളൻകൊല്ലി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കുട്ടികൾ നടവയലിലേക്ക് വന്നുതുടങ്ങി. വനത്തിലൂടെയുള്ള അവരുടെ യാത്ര ദുഷ്കരമായിരുന്നു.

ഹൈസ്കൂൾ സ്ഥാപിതമായതോടെ യു പി വിഭാഗം ഹൈസ്കൂളിനോട് ചേർക്കപ്പെടുകയും സെൻറ് തോമസ് എൽ.പി സ്കൂൾ എന്ന പേരിൽ അഞ്ചാം ക്ലാസ് വരെയുള്ള പ്രൈമറി സ്കൂൾ ആയി മാറുകയും ചെയ്തു. സിസ്റ്റർ അച്ചാമ്മ പി.ടി (സിസ്റ്റർ ബോസ്കോ ) സെൻറ് തോമസ് എൽ പി സ്കൂളിലെ ഹെഡ്മിസ്ട്രസ് ആയി ചാർജ് എടുക്കുകയും ചെയ്തു.

1957 – ൽ ഒൻപതാം ക്ലാസ്സിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾ പത്താംതരം, പതിനൊന്നാം തരം (ഫോർത്ത് ഫോറം) വരെ ഇവിടെ പഠിച്ചു .ഈ പ്രഥമ ബാച്ചിന് 75% വിജയം നേടാൻ കഴിഞ്ഞു.

1962 ലെ വിദ്യാഭ്യാസ പരിഷ്കരണത്തോടെ അഞ്ചാംക്ലാസ് യു. പി വിഭാഗത്തിലേക്ക് ചേർക്കുകയും ഒന്നു മുതൽ നാലുവരെയുള്ള ക്ലാസുകൾ എൽ. പി വിഭാഗത്തിൽ നിലനിർത്തുകയും ചെയ്തു.

സെന്റ്തോമസ് ഹൈസ്കൂളിലെ സുവർണ്ണജൂബിലി ആഘോഷം 2006 ആഗസ്റ്റ് -15 ന് മാനന്തവാടി രൂപതയുടെ വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ 50 വൃക്ഷത്തൈകളിൽ ഒന്നു നട്ട് ഉദ്ഘാടനം ചെയ്തു.


1957 ജൂൺ 20 -ന് 20 കുട്ടികളും 7 അധ്യാപകരുമായി തുടങ്ങിയ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ 18 പ്രധാന അധ്യാപകരും 300 ലധികം അധ്യാപക- അനധ്യാപകരും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇന്ന് ആയിരത്തോളം കുട്ടികളും 38 അധ്യാപകരും 5 അനധ്യാപകരുമായി വയനാട്ടിലെ മുൻനിര സ്കൂളുകളുടെ പട്ടികയിൽ ഇടം പിടിച്ചിരിക്കുന്നു.

2010-ൽ സെന്റ് തോമസ് ഹൈസ്കൂൾ ഹയർ സെക്കൻഡറി ആയി ഉയർത്തപ്പെട്ടു. ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ കലാ-കായിക-ശാസ്ത്ര-ഗണിതശാസ്ത്ര-സാമൂഹ്യശാസ്ത്ര-പ്രവൃത്തിപരിചയ - ഐ.ടി മേളകളിൽ സബ്ജില്ലാ-ജില്ലാ-സംസ്ഥാന-ദേശീയ തലങ്ങളിൽ മികവ് തെളിയിച്ചിട്ടുണ്ട്. 'നീഹാരം',' നദിക' എന്നീ വാർഷികപതിപ്പുകളും 2010-11 വർഷങ്ങളിൽ പ്രസിദ്ധീകരിച്ചു. 2012 ജൂൺ മുതൽ 'മഷിത്തണ്ട് ' ,'വാർത്താ പത്രിക' പ്രസിദ്ധീകരിച്ചു. 2014- 15 വർഷം SSLC പരീക്ഷ എഴുതിയ 171 കുട്ടികളെയും വിജയിപ്പിച്ച് 100% വിജയം ആദ്യമായി നാം സ്വന്തമാക്കി. 2016-17 ൽ വിദ്യാലയത്തിന്റെ വജ്രജൂബിലി വിവിധ പരിപാടികളോടെ ആഘോഷിച്ചു .പൂർവ്വ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വജ്രജൂബിലി സ്മാരകമായി ഓപ്പൺ സ്റ്റേജ് നിർമ്മിച്ചു. 'ഓർമ്മപ്പച്ച' എന്ന പേരിൽ സ്മരണിക പുറത്തിറങ്ങി.

ഇപ്പോൾ ആർച്ച് പ്രീസ്റ്റ് റവ.ഫാ.ഗർവാസിസ് മറ്റം മാനേജറും ശ്രീ. വർഗ്ഗീസ്. ഇ. കെ പ്രധാന അധ്യാപകനുമാണ്. നിലവിൽ വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ ഉയർച്ചയ്ക്ക് വേണ്ടിയും മികച്ച പഠനാന്തരീക്ഷം ലഭ്യമാക്കുന്നതിന് വേണ്ടിയും സ്കൂളിൽ എൻ സി സി, ജെ ആർ സി, സ്കൗട്ട് &ഗൈഡ്സ്, ലിറ്റിൽകൈറ്റ്സ്, നല്ലപാഠം, ഹരിതക്ലബ് തുടങ്ങിയ യൂണിറ്റുകളും സജീവമായിട്ടുണ്ട്.

# ഒറ്റ നോട്ടത്തിൽ

| | |
|---|---|
| സ്ഥാപിതം | 1957 |
| സ്കൂൾ കോഡ് | 15014 |
| സ്കൂൾ വിഭാഗം | പൊതു വിദ്യാലയം |
| ആൺകുട്ടികൾ | 426 |
| പെൺകുട്ടികൾ | 463 |
| ആകെ വിദ്യാർത്ഥികൾ | 889 |
| ആകെ അധ്യാപകർ | 38 |
| അനധ്യാപകർ | 5 |
| മാനേജർ | Fr. GERVASIS MATTAM |
| പ്രധാന അദ്ധ്യാപകൻ | Mr. VARGHESE E K |
| പി.ടി.എ പ്രസിഡണ്ട് | Mr. VINCENT CHERAVELIL |
| വെബ്സൈറ്റ് | https://stthomashsnadavayal.com |



# അക്കാദമികം – നേട്ടങ്ങൾ

2014-15 വർഷം SSLC പരീക്ഷ എഴുതിയ 171 കുട്ടികളെയും വിജയിപ്പിച്ച് 100% വിജയം ആദ്യമായി നാം സ്വന്തമാക്കി. പരിമിതികൾ മാത്രം കൈമുതലാക്കി വലിയ ഒരു ലക്ഷ്യം നേടുന്നതിനായുള്ള പോരാട്ടത്തിന്റെ ഫലം കൊയ്യുന്ന കാലഘട്ടത്തിലൂടെയാണ് ഈ വിദ്യാലയം ഇപ്പോൾ കടന്നുപോകുന്നത്.

2020-2021 വർഷം മുതൽ എല്ലാ വർഷവും SSLC പരീക്ഷയിൽ 100% വിജയം എന്ന സ്വപ്നതുല്യമായ നേട്ടം തുടർന്നു വരുന്നു എന്നത് ഈ സ്ഥാപനത്തിന്റെ മികവിനെ എടുത്തുകാണിക്കുന്നു. 2024-25 വർഷത്തെ SSLC പരീക്ഷ എഴുതിയ 154 വിദ്യാർത്ഥികളിൽ 28 പേർക്ക് എല്ലാ വിഷയങ്ങൾക്കും A+ ഗ്രേഡും 7 പേർക്ക് 9 വിഷയങ്ങളിൽ A+ ഗ്രേഡും ലഭിക്കുകയുണ്ടായി. കൂടാതെ ഇതേ വർഷം USS പരീക്ഷയിൽ 20 വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അർഹത നേടി. സ്കൗട്സ്&ഗൈഡ്സ് രാജ്യപുരസ്കാർ ടെസ്റ്റിൽ 14 വിദ്യാർത്ഥികൾക്ക് നേട്ടം കൈവരിക്കാനായി. JRC-C LEVEL പരീക്ഷയിൽ 100% വിജയം, 6 വിദ്യാർത്ഥികൾക്ക് സംസ്കൃത സ്കോളർഷിപ്പ്, വിദ്യാരംഗം കലാസാഹിത്യവേദി സംസ്ഥാനതല പങ്കാളിത്തം, ശാസ്ത്രരംഗം ഉപജില്ലാ-ജില്ലാതല മത്സരവിജയങ്ങൾ, വിവിധ ക്വിസ് മത്സരങ്ങളിൽ ജില്ലാ-സംസ്ഥാനതല വിജയങ്ങൾ, ദേശീയഗെയിംസിലെ കളരിപ്പയറ്റ് ഇനത്തിൽ ആൽഫിയ സാബുവിന് ഒന്നാം സ്ഥാനം എന്നിവ അവയിൽ ചിലതു മാത്രം. 25 വിദ്യാർത്ഥികൾ NCC 'A' സർട്ടിഫിക്കറ്റിന് അർഹരായി.

# അക്കാദമികം – വെല്ലുവിളികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി ഏറ്റവും കൂടുതൽ കുട്ടികൾ മികച്ച വിജയം നേടുന്നു എങ്കിലും എല്ലാ ക്ലാസ് മുറികളും ഹൈടെക് നിലവാരത്തിലേക്കുയർന്നിട്ടില്ല എന്നത് പരിമിതിയാണ്. നിലവിൽ 13 ഹൈസ്കൂൾ ക്ലാസ് മുറികൾ ഹൈടെക് നിലവാരത്തിലെത്തിയെങ്കിലും ബാക്കിയുള്ള ക്ലാസ് മുറികളും കൂടി ഈ നിലവാരത്തിലെത്തിക്കേണ്ടത് അത്യാവശ്യമാണ്. ഗണിതലാബ്, സാമൂഹ്യ ശാസ്ത്രം ലാബ് എന്നിവ പ്രത്യേകമായില്ല. അതുപോലെ ശാസ്ത്രലാബ് ഉണ്ടെങ്കിലും ഫിസിക്സിനും, കെമിസ്ട്രിക്കും ബയോളജിക്കും പ്രത്യേകമായി ലാബുകൾ ഇല്ല എന്നുള്ളതും മറ്റൊരു പരിമിതിയാണ്. പ്രവർത്തിച്ച് പഠിക്കുക, അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക തുടങ്ങിയവ പൂർണമായ അർത്ഥത്തിൽ സാർത്ഥകമാക്കാൻ പ്രത്യേകം പ്രത്യേകം ലാബ് സൗകര്യം ഉണ്ടാകേണ്ടതുണ്ട്. ഹൈസ്കൂൾ, യു. പി ഐ.ടി.ലാബുകളിലും കൂടുതൽ കംപ്യൂട്ടറുകൾ സ്ഥാപിച്ച് ഐ.ടി. പഠനം കൂടുതൽ

കാര്യക്ഷമമാക്കേണ്ടതുണ്ട്. ഹൈസ്കൂൾ, യു.പി ഐടി ലാബുകളിലായി 30 ലാപ്ടോപ്പുകൾ ഉണ്ടെങ്കിലും ഓരോ വിദ്യാർത്ഥിക്കും പ്രത്യേകം ലാപ്ടോപ്പു നൽകി പരിശീലനം നൽകുക എന്നത് ഒരു സ്വപ്നമായി അവശേഷിക്കുന്നു. ഇതിനായി ജനപ്രതിനിധികളിൽ നിന്നും പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും മാനേജ്മെന്റിൽ നിന്നും നിർലോഭമായ സഹകരണം ഉണ്ടാകേണ്ടതുണ്ട്.



# ഭൗതിക സൗകര്യങ്ങൾ

13 സ്മാർട്ട് ക്ലാസ് റൂമുകൾ, ഹൈസ്കൂൾ - യു.പി വിഭാഗം ഐ ടി ലാബുകൾ, സയൻസ് ലാബ് ഇവയെല്ലാം നമ്മുടെ വിദ്യാലയത്തിൽ സജ്ജമാണ്. കൂടാതെ ഒരു മൾട്ടിമീഡിയ മുറിയും ഉണ്ട്. വിദ്യാർത്ഥികൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിനായി വാട്ടർ ഫിൽട്ടർ സ്ഥാപിച്ചിട്ടുണ്ട്. സാനിട്ടറി പാഡ് വെന്റിങ്ങ് മെഷീൻ സ്കൂളിൽ പ്രവർത്തനസജ്ജമാണ്. എല്ലാ ക്ലാസ്സ് മുറികളും വൈദ്യുതീകരിച്ചിട്ടുണ്ട്. വിശാലമായ കളി സ്ഥലം എടുത്തുപറയേണ്ടതാണ്. നടപ്പാതകളും അടുക്കളയും ടൈൽസ് പാകി ഭംഗിയാക്കിയിട്ടുണ്ട്. യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഒരു സ്കൂൾ ബസ് എർപ്പെടുത്തിയിട്ടുണ്ട്.

സ്കൂൾ വിദ്യാഭ്യാസത്തിൽ ലൈബ്രറിക്ക് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടികളുടെ അറിവ് വികസിപ്പിക്കാനും സ്വന്തം സംസ്കാരം മനസ്സിലാക്കാനും അവരെ മറ്റ് സംസ്കാരങ്ങൾ തുറന്നുകാട്ടാനും ഏറ്റവും പുതിയ വിവരങ്ങൾ നൽകാനും പുതിയ ആശയങ്ങൾ, സാഹിത്യം, എന്നിവ മനസിലാക്കാനും സഹായിക്കുന്ന ഒന്നാണ് ലൈബ്രറി. അതുകൊണ്ടുതന്നെ ഏഴ് ലക്ഷത്തോളം രൂപ ചെലവ് വരുന്ന, ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ലൈബ്രറി-സ്മാർട്ട് ക്ലാസ്റൂം സ്കൂളിൽ സജ്ജീകരിച്ചു കഴിഞ്ഞു. ഇഷ്ടാനുസരണം പുസ്തകങ്ങൾ തിരഞ്ഞെടുക്കാനും 40 കുട്ടികൾക്ക് ഒരേസമയം ഇരുന്നു വായിക്കുന്നതിനുമുള്ള സൗകര്യം ലൈബ്രറിയിൽ ലഭ്യമാണ്. ഏഴായിരത്തോളം പുസ്തകങ്ങൾ ലഭ്യമായ ലൈബ്രറിയിൽ വിവിധ വിഷയങ്ങളിലുള്ള കഥ, കവിത, ലേഖനം നോവൽ തുടങ്ങിയവയും, ഓരോ വിഷയത്തിന്റെയും റഫറൻസിന് ആവശ്യമായ ഗ്രന്ഥങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയും സജ്ജീകരിക്കുന്നു. കൂടാതെ വിശാലമായ ഒരു ഇൻഡോർ സ്റ്റേഡിയം കുട്ടികൾക്കായി സജ്ജമാക്കാൻ സാധിച്ചു എന്നത് അഭിമാനാർമായ നേട്ടമാണ്. പെൺകുട്ടികൾക്കായി 10 ടോയ്‌ലറ്റുകളുള്ള പുതിയൊരു ടോയ്‌ലറ്റ് ബ്ളോക്ക് നിർമ്മിക്കാൻ 2025-26 വർഷാരംഭത്തിൽ തന്നെ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കൂടാതെ യു. പി വിഭാഗം ഐ ടി ലാബ് നവീകരിക്കാനും സാധിച്ചിട്ടുണ്ട്.

നല്ലൊരു പച്ചക്കറിത്തോട്ടം സ്കൂളിൽ സജ്ജീകരിച്ചിട്ടുണ്ട്.



# ഭൗതിക സൗകര്യങ്ങൾ – പരിമിതികൾ

ഹൈടെക് ക്ലാസ്സ് മുറികൾ ടൈൽസ് പാകി മെച്ചപ്പെട്ടുത്തിയെങ്കിലും മറ്റ് ക്ലാസ് മുറികൾ കൂടി മെച്ചപ്പെട്ടുത്തേണ്ടതുണ്ട്. എല്ലാ ക്ലാസ്സ് മുറികളും ടൈൽസ് പാകി, സ്മാർട്ട് ക്ലാസ്സ് മുറിയാക്കി, ഫാനുകളും പിടിപ്പിക്കുന്നത് ഒരു വലിയ ലക്ഷ്യം തന്നെയാണ്. പൊതുപരിപാടികൾ ഭംഗിയായി നടത്താൻ ശബ്ദ-വെളിച്ച-ഇരിപ്പിട സൗകര്യങ്ങൾ സജ്ജീകരിച്ച ഒരു ഓഡിറ്റോറിയവും ആവശ്യമാണ്.

സ്കൗട്ട്സ് & ഗൈഡ്സ്, എൻ സി സി, ജെ ആർ സി തുടങ്ങിയവയുടെ ഉപയോഗത്തിനായി പ്രത്യേക മുറി ഒരുക്കുന്നതും ഉപകരണസംഗീതപരിശീലനം പോലെയുള്ള കലാപരമായ പരിശീനലങ്ങൾക്കായുള്ള മുറിയും ഇൻഡോർ കോർട്ട് തുടങ്ങിയവയും ആധുനിക വിദ്യാലയങ്ങളിൽ ആവശ്യമാണ്.

ഭക്ഷണം പാകം ചെയ്യാനും കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കുന്നതിന് സൗകര്യവുമുള്ള ഭോജനശാലയും ആധുനിക സൗകര്യങ്ങളുള്ള ശൗചാലയങ്ങളും നിർമ്മിക്കേണ്ടതുണ്ട്.

# സാമൂഹികം – നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നുണ്ട്. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളും ഈ മേഖലയിൽ ഉണർവ് നൽകാൻ സഹായിക്കുന്നു. സാമൂഹ്യ ശുചിത്വം, ട്രാഫിക് നിയന്ത്രണം, വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമാണ്.

സാമൂഹ്യ അവബോധം വളർത്തുന്നതിനായി സ്കൗട്ട്സ് & ഗൈഡ്സ്, എൻ സി സി, ജെ ആർ സി, വിവിധ ക്ലബ്ബുകൾ എന്നിവ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു.

# സാമൂഹികം – പരിമിതികൾ

സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ വിദ്യാർത്ഥികൾക്ക് ഒട്ടനവധി അവസരങ്ങൾ ലഭ്യമാണെങ്കിലും പ്രവർത്തനങ്ങളുടെ ബാഹുല്യവും പഠനസമയനഷ്ടവും കണക്കിലെടുത്ത് അത്തരം പ്രവർത്തനങ്ങളിൽ കുറച്ചൊരു നിയന്ത്രണം വരുത്തേണ്ടി വരുന്നത് ഒരു പരിമിതി ആയി കാണാവുന്നതാണ്.

# വാർഷിക പദ്ധതി *2025-26*

മാനവപുരോഗതിയുടെ ഉത്തമദർശനങ്ങൾക്ക് അടിത്തറ പാകിയത് വിദ്യാലയങ്ങളാണ്. നടവയലിലെ ജനതയ്ക്ക് മുൻപിൽ തുറന്നുവച്ച വിജ്ഞാനച്ചെപ്പായി വിദ്യാലയം അറിവനുഭവങ്ങളുടെ അറുപത്തിഏഴാം വാർഷികത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. "അറിവുണർത്തും മൂല്യങ്ങൾ" എന്ന ആപ്തവാക്യത്തിലൂന്നിയാണ് ഇക്കൊല്ലത്തെ വാർഷികപദ്ധതി നാം തയ്യാറാക്കിയിരിക്കുന്നത്.

# ശ്രദ്ധ ചെലുത്തേണ്ട മേഖലകൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ്/ഹിന്ദി പഠനം അനായാസകരമാക്കൽ
4. വായനാസംസ്കാരം വളർത്തിയെടുക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ശാസ്ത്ര - ഗണിതശാസ്ത്ര - സാമൂഹ്യശാസ്ത്ര - ഭാഷാ ലബോറട്ടറികൾ ശാക്തീകരിക്കുക
7. പഠനപ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കി കുട്ടികളെ വിദ്യാലയത്തിലേക്ക് ആകർഷിക്കുക
8. നവീകരിച്ച ലൈബ്രറിയുടെ ആധുനികവൽക്കരണവും പരിപാലനവും
9. ജൈവവൈവിധ്യപാർക്ക് ഒരുക്കൽ
10. മത്സരപരീക്ഷാ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾപത്രം, മാസിക
13. അധ്യാപക ശാക്തീകരണം - സ്കൂൾ എസ് ആർ ജി തലം.
14. പ്രവൃത്തിപരിചയ പരിശീലനം - കുട്ടികളിലെ സർഗ്ഗാത്മകത പ്രയോജനപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങളിൽ നൈപുണ്യം കൈവരിക്കൽ
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം വളർത്തൽ
17. സാഹിത്യ ശില്പശാലകൾ
18. സ്കൂൾ ബ്ലോഗ് - സ്കൂൾ പ്രവർത്തനങ്ങൾ സമൂഹത്തിലേക്ക്
19. ദിനാചരണങ്ങങ്ങൾ കാര്യക്ഷമമാക്കൽ
20. ഗവേഷണാത്മക പഠനം
21. കായികശേഷി വികസനം - ചിട്ടയായ പരിശീലനങ്ങൾ കളികൾ എന്നിവയിലൂടെ കായികശേഷി വളർത്തൽ

22. ഐ.ടി. പഠനം   കാര്യക്ഷമമാക്കൽ


23. ചിത്രരചന ക്യാമ്പ്

24. ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ, ഐ ടി മേളകളിലെ സജീവമായ പങ്കാളിത്തം

25. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

26. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് കൈത്താങ്ങ്

27. പ്രവർത്താനാധിഷ്ഠിത പഠനത്തിലൂടെ നിലവാരമുയർത്തൽ



| ഭാഷാശേഷി വികസനം - ഇംഗ്ലീഷ് | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| എല്ലാ വിദ്യാർത്ഥികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും കേൾക്കാനും എഴുതാനും സംസാരിക്കാനുമുള്ളശേഷി കൈവരിക്കൽ, സർഗ്ഗശേഷി വികസനം | 1) ഇംഗ്ലീഷിൽ തന്നെ ക്ലാസ്സ് കൈകാര്യം ചെയ്യൽ - എല്ലാ ക്ലാസ്സും | വർഷം മുഴുവൻ | ബന്ധപ്പെട്ട ടീച്ചർ |
| | 2) ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം വർഷം മുഴുവൻ | ക്ലബ് കൺവീനർ |
| | 3) ഇംഗ്ളീഷ് ക്യാപ്സ്യൂൾ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് അധ്യാപകർ |
| | 4) ഇംഗ്ലീഷ് അസംബ്ലി | | |
| | 5) ഇംഗ്ലീഷിൽ ഡയറി എഴുത്ത് എല്ലാ കുട്ടികളും | മാസത്തിൽ ഒരിക്കൽ എല്ലാ ദിവസവും | ക്ലാസ്സ് ടീച്ചർ ഇംഗ്ലീഷ് അധ്യാപകർ |
| | 6) ഇംഗ്ലീഷ് സർഗ്ഗാത്മക പ്രവർത്തനങ്ങൾ - ഇംഗ്ലീഷ് കഥ, കവിത, ലേഖനങ്ങൾ ഉൾപ്പെടുത്തി ക്ലാസ്സ് മാഗസിൻ | രണ്ട് മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് അധ്യാപകർ |
| | 7) പാഠഭാഗങ്ങൾ സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ വ്യത്യസ്ത രൂപങ്ങളിലേക്ക് മാറ്റി അവതരണം | മാസത്തിലൊരിക്കൽ | ഇംഗ്ലീഷ് അധ്യാപകർ & ക്ലബ് കൺവീനർ |
| | 8) ഇംഗ്ലീഷ് ന്യൂസ് റീഡിംഗ് | | |
| | 9) കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലിഷ് | ആഴ്ചയിലൊരിക്കൽ | ഇംഗ്ലീഷ് അധ്യാപകർ |
| | 10) ഇംഗ്ലീഷ് പുസ്തകങ്ങളും എഴുത്തുകാരെയും കുട്ടികൾ ക്ലാസ്സിൽ പരിചയപ്പെടുത്തുന്നു | ജൂലൈ - ഡിസംബർ ആഴ്ചയിൽ ഒരിക്കൽ | ഇംഗ്ലീഷ് & ആർട്സ് ക്ലബ് കൺവീനർമാർ |
| | 11) ഇന്നത്തെ ചിന്താവിഷയം - ഇംഗ്ലീഷിൽ | എല്ലാ ദിവസവും | ഇംഗ്ലീഷ് അധ്യാപകർ |
| | 12)ഡിക്ഷനറി നിർമ്മാണം | | |
| | 13) കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് - സ്കൂൾവിക്കിയിൽ ചേർക്കൽ | വർഷം മുഴുവൻ മാസത്തിലൊരിക്കൽ | ക്ലാസ്സ് അധ്യാപകർ |
| | 14) SPELL BEE മത്സരം | മാസത്തിലൊരിക്കൽ | ഇംഗ്ലീഷ് അധ്യാപകർ |
| | 15) പ്രസംഗ പരിശീലന കളരി - പ്രസംഗ പരിശീലനവും മികച്ച പ്രസംഗങ്ങൾ കേൾപ്പിക്കലും അവതരണവേദി ഒരുക്കലും | ജൂൺ - ഡിസംബർ കാലയളവിൽ ഒരിക്കൽ | ക്ലബ് കൺവീനർ & S I T C |
| | 16) ജന്മദിനപുസ്തകം- ജന്മദിനത്തിൽ സ്കൂൾ ലൈബ്രറിയിലേക്ക് ഒരു ഇംഗ്ലീഷ് പുസ്തകം സംഭാവന ചെയ്യുന്നു | - | ഇംഗ്ലീഷ് അധ്യാപകർ |
| | 17)ഇംഗ്ളീഷ് പഠന പിന്നോക്കക്കാർക്കായി "PUSH" (PUPILS UPLIFTMENT @ ST. THOMAS HS) പ്രോഗ്രാം. | - | ക്ലബ് കൺവീനർ ഇംഗ്ലീഷ് അധ്യാപകർ |
| | 18) ഇംഗ്ലീഷ് ഫെസ്റ്റ് | നവംബർ | ഇംഗ്ലീഷ് അധ്യാപകർ |
| | 19) ഇംഗ്ലൂഷ് നാടകം | ഡിസംബർ | ഇംഗ്ലീഷ് അധ്യാപകർ |

# ഭാഷാശേഷി വികസനം – മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| എല്ലാ വിദ്യാർത്ഥികൾക്കും മലയാളം നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ളശേഷി കൈവരിക്കൽ, ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ, സർഗ്ഗശേഷി വികസനം | 1) മലയാള അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, പദനിർമ്മാണം, വാക്യനിർമ്മാണം | ജൂൺ മുതൽ ആഗസ്റ്റ് വരെ | മലയാളം അധ്യാപകർ |
| | 2) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി പ്രത്യേക ക്ലാസ്സുകൾ | ആഗസ്റ്റ് – ഡിസംബർ മാസങ്ങളിൽ ആഴ്ചയിൽ മൂന്നു ദിവസം | ക്ലബ് കൺവീനർ |
| | 3) ക്ലാസ്സ് വായനാക്കൂട്ടം – മലയാളം പുസ്തകങ്ങൾ / എഴുത്തുകാർ – പരിചയപ്പെടുത്തൽ | മാസത്തിൽ ഒരിക്കൽ | വിദ്യാരംഗം |
| | 4) വായനക്കൊരു പദ്ധതി – പുസ്തകം, പത്രം, മാസിക ഉറക്കെ വായിക്കുക, ആസ്വാദനതലത്തിലേക്ക് ചർച്ച, സംവാദം<br>– പത്രവായന<br>– പുസ്തകം | എല്ലാ ദിവസവും<br>ആഴ്ചയിൽ ഒരിക്കൽ | മലയാളം അധ്യാപകർ |
| | 5) ജന്മദിന പുസ്തകം – ജന്മദിനത്തിൽ സ്കൂൾ ലൈബ്രറിയിലേക്ക് ഒരു മലയാളം പുസ്തകം സംഭാവന ചെയ്യുന്നു | – | – |
| | 6) ഇന്നത്തെ ചിന്താവിഷയം / മഹത്‌വചനങ്ങൾ – മലയാളം | എല്ലാ ദിവസവും | ക്ലാസ്സ് അധ്യാപകൻ |
| | 7) സാഹിത്യകാരനുമായി സംവദിക്കൽ | വർഷത്തിലോരിക്കൽ | വിദ്യാരംഗം |
| | 8) ഓരോ അക്ഷരങ്ങൾ വച്ച് പരമാവധി പദങ്ങൾ കണ്ടെത്തി ക്ലാസ്സിൽ അവതരിപ്പിക്കുന്നു – യു പി ക്ലാസ്സുകളിൽ | ആഴ്ചയിൽ ഒരിക്കൽ | യു. പി. മലയാളം അധ്യാപകർ |
| | 9) മലയാള സർഗ്ഗാത്മക പ്രവർത്തനങ്ങൾ – മലയാള കഥ, കവിത, ലേഖനങ്ങൾ ഉൾപ്പെടുത്തി ക്ലാസ്സ് മാഗസിൻ | ഒക്ടോബർ – നവംബർ മാസങ്ങൾ | മലയാളം അധ്യാപകർ |
| | 10) പ്രസംഗ പരിശീലനം – പ്രസംഗ പരിശീലനവും മികച്ച പ്രസംഗ ങ്ങൾ കേൾപ്പിക്കലും | ജൂൺ – ഡിസംബർ കാലയളവിൽ ഒരിക്കൽ | ക്ലബ് കൺവീനർ |

## ഭാഷാശേഷി വികസനം – ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| എല്ലാ വിദ്യാർത്ഥികൾക്കും ഹിന്ദി നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം, ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ, സർഗ്ഗശേഷി വികസനം | 1) ഹിന്ദി അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, പദനിർമ്മാണം, വാക്യനിർമ്മാണം | ജൂൺ മുതൽ ആഗസ്റ്റ് വരെ | ഹിന്ദി അധ്യാപകർ |
| | 2) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി പ്രത്യേക ക്ലാസ്സുകൾ | മാസത്തിൽ ഒരു ദിവസം – വർഷം മുഴുവൻ | ക്ലബ് കൺവീനർ |
| | 3) ഹിന്ദി ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുക | വർഷം മുഴുവൻ | ക്ലബ് കൺവീനർ |
| | 4) ഇന്നത്തെ ചിന്താവിഷയം / മഹത്വചനങ്ങൾ – ഹിന്ദി | ആഴ്ചയിൽ ഒരിക്കൽ | ഹിന്ദി അധ്യാപകർ |
| | 5) ഹിന്ദി സർഗ്ഗാത്മക പ്രവർത്തനങ്ങൾ – ഹിന്ദി കഥ, കവിത, ലേഖനരചനകൾ ഉൾപ്പെടുത്തി ക്ലാസ്സ് മാഗസിൻ | ഒക്ടോബർ – നവംബർ മാസങ്ങൾ | ഹിന്ദി അധ്യാപകർ |
| | 6) ഓരോ അക്ഷരങ്ങൾ വച്ച് പരമാവധി പദങ്ങൾ കണ്ടെത്തി ക്ലാസ്സിൽ അവതരിപ്പിക്കുന്നു – യു പി ക്ലാസ്സുകളിൽ | ആഴ്ചയിൽ ഒരിക്കൽ | ഹിന്ദി അധ്യാപകർ |
| | 7) ത്രിഭാഷാ ബോർഡ് – ഹിന്ദി വാക്കുകളുടെ അർത്ഥങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും പൊതുവായി പ്രദർശിപ്പിക്കുന്നു. | എല്ലാ ദിവസവും | ക്ലബ് കൺവീനർ |

# സയൻസ് വിഷയങ്ങളുടെ പരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രവിഷയങ്ങളിൽ അഭിരുചി വളർത്തി അന്വേഷണാത്മകതയും ഗവേഷണാഭിമുഖ്യവും ജനിപ്പിച്ച് ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി പ്രതിഭാശാലികളായ വിദ്യാർത്ഥികളെ രൂപപ്പെടുത്തുക | 1) ലളിതമായ പരീക്ഷണങ്ങളിലൂടെ ശാസ്ത്രതത്വങ്ങൾ അവതരിപ്പിക്കൽ, ലഘുപരീക്ഷണങ്ങൾ തുടങ്ങിയവ | മാസത്തിൽ ഒരു ദിവസം – വർഷം മുഴുവൻ | സയൻസ് അധ്യാപകർ |
| | 2) സയൻസ് എക്സിബിഷൻ | വർഷത്തിലൊരിക്കൽ | ക്ലബ് കൺവീനർമാർ |
| | 3) സർവ്വെ, അഭിമുഖം, നിരീക്ഷണം വഴിയുള്ള ഗവേഷണാത്മക പ്രവർത്തനങ്ങൾ | ആവശ്യമുള്ള സന്ദർഭങ്ങളിൽ | ക്ലബ് കൺവീനർമാർ |
| | 4) ശാസ്ത്രച്ചുമർ – പൊതുവായി ക്രമീകരിച്ച ബോർഡിൽ ആനുകാലിക സയൻസ് കണ്ടുപിടിത്തങ്ങൾ, ശാസ്ത്രസംബന്ധിയായ പത്രകട്ടിംഗുകൾ എന്നിവ ഉൾപ്പെടുത്തി ശാസ്ത്രച്ചുമർ തയ്യാറാക്കുക | വർഷം മുഴുവൻ | ക്ലബ് കൺവീനർമാർ |
| | – ഇതിനെ അടിസ്ഥാനമാക്കി ക്വിസ്സ് മത്സരം | മാസത്തിലൊരിക്കൽ | ക്ലബ് കൺവീനർമാർ |
| | 5) സയൻസ് മാസിക – വിദ്യാർത്ഥികളുടെ ശാസ്ത്രസംബന്ധമായ രചനകൾ | ഒക്ടോബർ – നവംബർ മാസങ്ങളിൽ ഒരിക്കൽ | കെമിസ്ട്രി ക്ലബ് കൺവീനർ |
| | 6) H മുതലുള്ള 118 മൂലകങ്ങളുടെ ആത്മകഥ രചിക്കൽ – ഒരോ കുട്ടിയും ഒരോ ദിവസം – സയൻസ് ക്ലബ് ബോർഡിൽ പ്രദർശിപ്പിക്കുന്നു | വർഷം മുഴുവൻ | കെമിസ്ട്രി ക്ലബ് കൺവീനർ |
| | 7) പീരിയോഡിക് അസ്സംബ്ലി – കുട്ടികൾ പീരിയോഡിക് ടേബിൾ മാതൃകയിൽ പ്ലക്കാർഡുമായി അണിനിരക്കുന്നു | വർഷത്തിലൊരിക്കൽ | ബയോളജി ക്ലബ് കൺവീനർ |
| | 8) ഔഷധസസ്യ ഉദ്യാനനിർമ്മാണം | വർഷം മുഴുവൻ | ബയോളജി ക്ലബ് കൺവീനർ |
| | 9) നാട്ടറിവ് യാത്ര – വിവിധ വിളകൾ കൃഷി ചെയ്യുന്ന കൃഷിസ്ഥലങ്ങളിലേക്കും കർഷകരുടെ അടുത്തേക്കും | വർഷത്തിലൊരിക്കൽ . | സയൻസ് അധ്യാപകർ |
| | 10) ശാസ്ത്ര മേളകളിൽ പൂർണ്ണ പങ്കാളിത്തം – പരിശീലനം | ജൂലൈ മുതൽ സെപ്റ്റംബർ വരെ | ഫിസിക്സ് ക്ലബ് കൺവീനർ |
| | 11) പാരമ്പര്യേതര ഊർജ്ജ ഉറവിടങ്ങൾ, ഊർജ്ജ സംരക്ഷണം വിഷയങ്ങളിൽ വിദഗ്ദരുടെ ക്ലാസ്സ് | വർഷത്തിലൊരിക്കൽ | ഫിസിക്സ് ക്ലബ് കൺവീനർ |

# സാമൂഹ്യശാസ്ത്ര പരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യശാസ്ത്രപഠനം കാര്യക്ഷമമാക്കി കുട്ടികളിൽ സാമൂഹ്യ അവബോധവും പരിസ്ഥിതി ബോധവും ജനാധിപത്യ മൂല്യങ്ങളും വളർത്തുക | 1) മോക്ക് പാർലമെന്റ് – പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദ കാന്റിഡേറ്റ്, ബാലറ്റ് പേപ്പർ വോട്ടെടുപ്പ്, സ്കൂൾ പാർലമെന്റ് രൂപീകരണം, എട്ടാം തരം മോക്ക് പാർലമെന്റ് സമ്മേളനം | ജൂൺ / ജൂലൈ | SS അധ്യാപകർ |
| ജനാധിപത്യ മൂല്യങ്ങളുടെ പ്രസക്തി മനസ്സിലാക്കാൻ | 2) സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ – ജനാധിപത്യത്തിന്റെ പ്രസക്തി | ആഗസ്റ്റ് – സംപ്റ്റംബർ | ക്ലബ് കൺവീനർ |
| വിവിധ സംസ്കാരങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ | 3) ICT സാധ്യതകളുപയോഗിച്ച് വിവിധ സംസ്കാരങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് അവബോധം വളർത്തുന്നു | ജൂലൈ | SS അധ്യാപകർ |
| കുട്ടികളും മുതിർന്നവരും നേരിടുന്ന സാമൂഹിക പ്രശ്നങ്ങൾ മനസ്സിലാക്കാൻ | 4) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ, സൈബർ സുരക്ഷ/കുറ്റകൃത്യങ്ങൾ, റോഡ് സുരക്ഷ, മയക്കുമരുന്ന്/ലഹരി ഉപയോഗം തുടങ്ങിയ സാമൂഹ്യ പ്രാധാന്യമുള്ള വിഷയങ്ങളിൽ കുട്ടികൾക്കും മാതാപിതാക്കൾക്കും ബോധവൽക്കരണം നൽകൽ | സെപ്റ്റംബർ – ഒക്ടോബർ | SS അധ്യാപകർ |
| ചരിത്ര അവബോധം വളർത്താൻ | 5) പഠനയാത്രകൾ – സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്ര സ്മാരകങ്ങൾ – എടയ്ക്കൽ, പുഞ്ചവയൽ, ചരിത്ര രചനാ ക്യാമ്പ് | ടേം രണ്ട് | SS അധ്യാപകർ |
| പ്രാധാന്യം മനസ്സിലാക്കാൻ | 6) സാമൂഹ്യ പ്രാധാന്യമുള്ള ദിനങ്ങളുടെ ആചരണം കാര്യക്ഷമമാക്കൽ – ജനസംഖ്യാ ദിനം, ആഗസ്റ്റ് 6, 9 തുടങ്ങിയവ | ബന്ധപ്പെട്ട ദിനങ്ങളിൽ | SS അധ്യാപകർ |
| വിഷയാധിഷ്ഠിത കാര്യങ്ങൾ മനസ്സിലാക്കാൻ | 7) സാമൂഹ്യ ശാസ്ത്രമേളയിൽ കാര്യക്ഷമമായി പങ്കെടുക്കുക | സെപ്റ്റംബർ – ഒക്ടോബർ | SS അധ്യാപകർ |
| ഇന്ത്യയിലെ ഭൂപ്രകൃതിയെക്കുറിച്ച് മനസ്സിലാക്കാൻ | 8) അറ്റ്ലസ് വർക്ഷോപ്പ്<br>9) പ്രോജക്ട് – ഉത്തരേന്ത്യൻ സമതലങ്ങളുടെ ഭൂപടം – MY MAP – DIVISIONS | വർഷത്തിലൊരിക്കൽ<br>ഒക്ടോബർ – നവംബർ | SS അധ്യാപകർ |
| എങ്ങിനെ രൂപപ്പെടുന്നുവെന്ന് മനസ്സിലാക്കാൻ, | 10) ഭൂരൂപങ്ങൾ നിർമ്മാണം<br>11) ഡിജിറ്റൽ മ്യൂസിയം | നവംബർ – ഡിസംബർ<br>വർഷം മുഴുവൻ | SS അധ്യാപകർ<br>SS അധ്യാപകർ |

# ഗണിത ശാസ്ത്ര മികവ് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിച്ചു കൊണ്ടും ഗണിതത്തെ ലളിതമായും നിത്യ ജീവിതമായി ബന്ധിപ്പിച്ചും അവതരിപ്പിച്ചുകൊണ്ട് കുട്ടികളിൽ ഗണിതാഭിരുചിയും താൽപര്യവും വളർത്തുകയും ഗണിത ശേഷി കൈവരിക്കുകയും ചെയ്യുക. | 1) ഗണിത ശാസ്ത്രത്തിൽ പിന്നോക്കമായ കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം | വർഷം മുഴുവൻ | ഗണിത അധ്യാപകർ / തിരഞ്ഞെടുത്ത കുട്ടികൾ |
| | 2) ഗണിതപൂക്കളം, ജ്യോമെട്രിക്കൽ ചാർട്ട് നിർമ്മാണം - കുട്ടികളിൽ നിർമ്മിതികളിലെ താൽപര്യം വർദ്ധിപ്പിക്കൽ | ആദ്യ ടേമിൽ | ഗണിത അധ്യാപകർ |
| | 3) ഗണിതം അനായാസവും രസകരവും ആക്കുന്ന വിധം വിദഗ്ദരുടെ പ്രത്യേക ക്ലാസ്സുകൾ | വർഷത്തിലൊരിക്കൽ | ക്ലബ് കൺവീനർ |
| | 4)ഗണിതക്ലബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ, ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ, പസിലുകൾ, റിഡ്ഡിൽസ്, ഒറിഗാമി | വർഷത്തിൽ ആദ്യ രണ്ട് ടേമുകളിൽ | ഗണിത അധ്യാപകർ |
| | 5) വർക്ക്ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു | വർഷം മുഴുവനും | ഗണിത അധ്യാപകർ |
| | 6) ഗണിത ലാബ് ക്രമീകരിക്കൽ | ആഗസ്റ്റ - സെപ്റ്റംബർ മാസങ്ങൾ | ഗണിത അധ്യാപകർ |
| | 7) ഗണിത ശാസ്ത്രമേളയിലെ സജീവ പങ്കാളിത്തത്തിലൂടെ കുട്ടികളിൽ ഗണിതാഭിമുഖ്യം വളർത്തുക | വർത്തിലൊരിക്കൽ | ഗണിത അധ്യാപകർ |
| | 8) ICT സാധ്യതകളുപയോഗിച്ച് ഗണിത പരിശീലനം - ജിയോജിബ്ര മുതലായവ | വർഷം മുഴുവനും | ഗണിത അധ്യാപകർ |

| ഐ സി ടി മേഖലയിൽ മികവ് വർദ്ധിപ്പിക്കൽ | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| കമ്പ്യൂട്ടർ അധിഷ്ഠിത മേഖലയിൽ പരിശീലനം നൽകി ആധുനിക സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ ICT പരിജ്ഞാനവും താൽപര്യവും വർദ്ധിപ്പിക്കൽ | 1) ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറുകൾ, ICT ഉപകരണങ്ങൾ എന്നിവ പരിചയപ്പെടുത്താൻ അധ്യപക പരിശീലനങ്ങൾ | ടേമിലൊരിക്കൽ | ICT പരിശീലനം നേടിയ അധ്യാപകർ |
| | 2) സ്മാർട്ട് ക്ലാസ്സുകൾ, മൾട്ടി മീഡിയ മുറി, ഐ ടി ലാബ് എന്നിവ കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് സാഹചര്യമൊരുക്കുക | വർഷം മുഴുവൻ | SITC, LKMS |
| | 3) സൈബർ ദുരുപയോഗം, നിർമ്മിതബുദ്ധി തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകൾ | ടേമിലോരിക്കൽ | SITC, LKMS |
| | 4) അനിമേഷൻ, മലയാളം കംപ്യൂട്ടിങ്ങ്, സ്ക്രാച്ച് പ്രോഗ്രാമിങ്ങ് തുടങ്ങിയവയിൽ പരിശീലനം | ടേമിലോരിക്കൽ | SITC, LKMS |
| | 5) ഓൺലൈൻ അപേക്ഷകളും മറ്റും സമർപ്പിക്കുന്നതിനുള്ള പരിശീലനം | വർഷത്തിലൊരിക്കൽ | SITC, LKMS |
| | 6) ഐ ടി മേളയിൽ കാര്യക്ഷമമായ പങ്കാളിത്തം | വർഷത്തിലൊരിക്കൽ | ക്ലബ് കൺവീനർ |

# സംസ്കൃത ഭാഷാ മികവ് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷ, ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള കഴിവ് വർദ്ധിപ്പിക്കൽ<br><br>അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക<br><br>കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതും ആയ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക<br><br>എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നുവെന്ന് ഉറപ്പുവരുത്തുക<br><br>സാഹിത്യാഭരുചി വളർത്തുന്ന പ്രവർത്തനങ്ങൾ<br><br>ഭാഷാ ശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയൗജനപ്പെടുത്തൽ<br><br>ഭാഷാ ലാബ് | 1) ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു<br><br>2) പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br><br>3) പതിപ്പുകൾ, മാഗസിനുകൾ<br><br>4) രചനാ ശില്പ ശാലകൾ<br><br>5) സംസ്കൃത ദിനാചരണം / അസംബ്ളി<br><br>6) ഒഴിവ് സമയങ്ങളിൽ പ്രത്യേക ക്ളാസ്സ്<br><br>7)വായന മൂല, പദപ്പയറ്റ്, ചോദ്യോത്തരപ്പയറ്റ്, നിഘണ്ടു നിർമ്മാണം, മാഗസിൻ നിർമ്മാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമ്മാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം മുതലായവ<br><br>8) വിവിധ സാഹിത്യ ശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച്, ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ തുടങ്ങിയവ<br><br>9)വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | I<br><br>സംസ്കൃതാധ്യാപകൻ |

# ഉറുദു ഭാഷാ മികവ് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| **എഴുത്ത്**<br>ലിക്കുവാന | പദസൂര്യൻ വാക്കുകൾ വാക്യങ്ങൾ എന്നിവ നിർമ്മിക്കുന്നു. ചിത്ര കാർഡിലെ സഹായ ത്തോടുകൂടി പദങ്ങൾ എഴുതുന്നു. ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വാചകങ്ങൾ തയ്യാറാക്കുന്നു. | വർഷം മുഴുവൻ | |
| വിവരണം | പദങ്ങളുടെ സഹായത്താൽ പഠനപ്രവർത്തന ങ്ങളുമായുള്ള വിവരണങ്ങൾ തയ്യാറാക്കാൻ പര്യാപ്തമാക്കുന്നു | വർഷം മുഴുവൻ | |
| മാഗസിൻ | കുട്ടികളുടെ രചനകൾ മികച്ചത് ശേഖരിക്കുക യും വർഷാവസാനം ഒരു മാഗസിൻ പുറത്തിറ ക്കുകയും ചെയ്യുക | വർഷം മുഴുവൻ | |
| ടാലന്റ് ടെസ്റ്റ് | ലോക ഉർദു ദിനത്തോടനുബന്ധിച്ച് സ്കൂൾ തല ത്തിലും ജില്ലാ തലത്തിലും ടാലന്റ് ടെസ്റ്റ് മത്സ രങ്ങളിൽ പങ്കെടുക്കുന്നു | 2 ദിവസം | ഉറുദു അധ്യാപകൻ |
| ഉറുദു ഡിഷ്ണറി | കുട്ടികൾ ഉറുദു മലയാളം ഡിഷ്ണറി തയ്യാറാക്കുന്നു | വർഷം മുഴുവൻ | |
| വിവിധ കളികൾ | അക്ഷരങ്ങൾ വാക്കുകൾ എന്ന് പഠിക്കുന്നതിന് ആവശ്യമായ വിവിധ കളികളിൽ കുട്ടികളെ ഏർപ്പെടുത്തുന്നു | എല്ലാ മാസവും | |
| പോസ്റ്റർ നിർമ്മാണം | വിവിധ ദിനങ്ങളുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ തയ്യാറാക്കുന്നു | ബന്ധപ്പെട്ട ദിനങ്ങളിൽ | |
| ഒരുദിനം ഒരു പദം | എല്ലാ ദിവസവും ഒരു പുതിയ പദം കണ്ടെത്തുന്ന പരിപാടി | വർഷം മുഴുവൻ | |
| **കേൾവി**<br>മീട്ടി സബാൻ | ഉറുദു ഗസലുകൾ ഉറുദു ഭാഷയിൽ ഉള്ള വീഡിയോകൾ, ഓഡിയോകൾ ഇന്റർവ്യൂകൾ എന്നിവ കേൾക്കുവാൻ അവസരം നൽകുന്നു | വർഷം മുഴുവൻ | |
| ഉറുദു വാണി | ഉറുദുവിനെ പരിചയപ്പെടുത്തുന്ന പ്രത്യേക റേഡിയോ പ്രോഗ്രാം | 5 ദിവസം | |
| **സംസാരം**<br>റോൾ പ്ലേ | പാഠഭാഗങ്ങൾ കുട്ടികൾ റോൾ പ്ലേ ചെയ്യുന്നു അത് വീഡിയോ ചിത്രീകരണം നടത്തുന്നു | എല്ലാ മൊഡ്യൂളിൽ നിന്നും 1 | |
| **പോയിന്റ് സ്റ്റാർ** | ഓരോ ദിവസത്തെയും പ്രവർത്തനങ്ങൾ വിലയിരുത്തി പോയിന്റ് നൽകുന്നു എല്ലാ മാസവും നിശ്ചിത പോയിന്റ് ലഭിക്കുന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി അവരെ പോയിന്റ് സ്റ്റാറുകൾ ആക്കി മാറ്റുന്നു | എല്ലാ മാസവും | |

| കലാകായിക പ്രവൃത്തി പരിചയ മേഖല | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| കുട്ടികളിലെ സർഗ്ഗ വാസനകൾ പരിപോഷിപ്പിക്കുകയും കായികശേഷി വർദ്ധിപ്പിക്കുകയും കായികമത്സരങ്ങളിൽ മികവുനേടാൻ സഹായിക്കുകയും ശാരീരിക- മാനസിക ആരോഗ്യം മെച്ചപ്പെടുത്തുകയും ചെയ്യുക. സ്വയം തൊഴിൽ മേഖലയിൽ കുട്ടികൾകൾക്ക് അഭിരുചി വളർത്തുക. | 1) ഡ്രോയിങ്ങ്, പെയിന്റിങ്ങ്, നൃത്തം, സംഗീതം, ഉപകരണ സംഗീതം തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുക. | വർഷം മുഴുവൻ | കലാ അധ്യാപകർ |
| | 2) സ്കൂൾ ആർട്സ് ഫെസ്റ്റിവൽ, വാർഷികം, വിശേഷാവസരങ്ങൾ തുടങ്ങിയവ ആകർഷകമായി സംഘടിപ്പിക്കുക | ബന്ധപ്പെട്ട അവസരങ്ങളിൽ | ക്ലബ് കൺവീനർ |
| | 3) ചിത്രരചന പരിശീലന ക്യാമ്പ് | അവധിക്കാലങ്ങളിൽ | ചിത്രകലാ അധ്യാപകൻ |
| | 4) ആരോഗ്യകരമായ ഭക്ഷണ രീതി, വ്യായാമങ്ങളുടെ ആവശ്യകത തുടങ്ങിയവയെക്കുറിച്ച് ബോധവൽക്കരണം, വ്യായാമമുറകളുടെ പരിശീലനം | വർഷം മുഴുവൻ | കായികാദ്ധ്യാപകൻ |
| | 5) കുട്ടികൾക്ക് ഫുട്ബോൾ, വോളീബോൾ തുടങ്ങിയ ഗെയിമുകളിൽ പരിശീലനം നൽകുകയും പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക | വർഷം മുഴുവൻ | കായികാദ്ധ്യാപകൻ |
| | 6) FIRST AID / BASIC LIFE SUPPORT / വ്യക്തി ശുചിത്വം തുടങ്ങിയ വിഷയങ്ങളിൽ അവബോധവും പരിശീലനവും നൽകുക | വർഷത്തിലൊരിക്കൽ | കായികാദ്ധ്യാപകൻ / ഹെൽത്ത് ക്ലബ് |
| | 7) കരാട്ടെ, തായ്ഡക്വോണ്ടോ, കളരി പോലുള്ള അഭ്യാസമുറകളിൽ പരിശീലനം | വർഷം മുഴുവൻ | കായികാദ്ധ്യാപകൻ |
| | 8) സ്കൂൾ സ്പോർട്സ് മേള കാര്യക്ഷമമായി സംഘടിപ്പിക്കുക | വർഷത്തിലൊരിക്കൽ | കായികാദ്ധ്യാപകൻ |
| | 9) പ്രവൃത്തി പരിചയ പരിശലനം - വിദഗ്ദരെ ഉൾപ്പെടുത്തി ചോക്ക്, കുട, വോളീബോൾ നെറ്റ്, കുട്ട, പാവകൾ തുടങ്ങിയവ നിർമ്മിക്കുന്നതിൽ | ജൂൺ മുതൽ ഒക്ടോബർ | ബന്ധപ്പെട്ട അധ്യാപകർ |
| | 10) പ്രവൃത്തി പരിചയ മേളകളിലെ കാര്യക്ഷമമായ പങ്കാളിത്തം | വർഷത്തിലോരിക്കൽ | ബന്ധപ്പെട്ട അധ്യാപകർ |

# ഉപസംഹാരം

നടവയൽ സെന്റ് തോമസ് ഹൈസ്കൂളിന്റെ നിലവിലെ സാഹചര്യങ്ങളും പരിമിതികളും കണക്കിലെടുത്തുകൊണ്ടും ഒരു അക്കാദമിക വർഷത്തിൽ വിദ്യാലയങ്ങൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളുടെ ബാഹുല്യം പരിഗണിച്ചും തന്നെയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഔദാര്യമല്ലെന്നും അത് കുട്ടിയുടെ അവകാശമാണെന്നും ഉള്ള ഉത്തമ ബോദ്ധ്യത്തിലാണ് ഇത് ചെയ്തിട്ടുള്ളത്. ഒരു കുട്ടിയുടെ ശാരീരികവും മാനസികവും ബൗദ്ധികവും സാമൂഹ്യവുമായ അടിത്തറ എത്രത്തോളം മികച്ചതാണോ അത്രയും ഉദാത്തമായ ഒരു വ്യക്തിയായിരിക്കും സമൂഹത്തിന് സ്വന്തമാകുക എന്ന ഉറച്ച അവബോധത്തിലാണ് ഈ വർഷത്തെ പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ഈ മാസ്റ്റർപ്ലാൻ രൂപപ്പെടുത്തിയിട്ടുള്ളത്. സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് ഇതൊരു മാർഗ്ഗരേഖ മാത്രമാണ്. ഇതിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും കുട്ടികൾക്ക് പ്രയോജനകരമാകുന്ന എതൊരു പ്രവർത്തനവും എറ്റെടുത്ത് നടത്താനുള്ള അധികാരം അധ്യാപകർക്കുണ്ട് എന്ന് ഓർമ്മിപ്പിക്കട്ടെ. പ്രവർത്തനങ്ങളെല്ലാം പൂർണ്ണവിജയത്തിലെത്തിക്കാൻ സമൂഹത്തിന്റെയും ജനപ്രതിനിധി കളുടെയും തദ്ദേശ്ശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൂർവ്വവിദ്യാർത്ഥികളുടെയും മാനേജ്മെന്റിന്റെയും അധ്യാപകരുടേയും കുട്ടികളുടെയും എല്ലാം നിർലോഭമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.




# Academic Master Plan

## 2025-26

## St.Thomas HSS Nadavayal